## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 443** **08-10-2024 - ൽ മറുപടിയ്ക്ക്**

## കിഫ്ബിയിൽ ഉൾപ്പെടുത്തപ്പെട്ട പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബിയിൽ ഉൾപ്പെടുത്തപ്പെട്ട പെരുഞ്ചേരി കടവ് റഗുലേറ്റർ കം ബ്രിഡ്ജ്, കൊല്ലം- നെല്ല്യാടി-മേപ്പയ്യൂർ റോഡ്, അകലാപ്പുഴ പാലം, നടേരി കടവ് പാലം, കോക്കനട്ട് പാർക്ക് കുത്താളി മുതലായ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (എ) | കിഫ്ബി ധനാനുമതി നൽകി നടപ്പിലാക്കി വരുന്ന പെരുഞ്ചേരി കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് , കൊല്ലം - നെല്ല്യാടി- മേപ്പയ്യൂർ റോഡ് ,അകലാപ്പുഴ പാലം , നടേരി കടവ് പാലം , കൊക്കനട്ട് പാർക്ക് കുത്താളി എന്നീ പദ്ധതികളുടെ നിലവിലെ സ്ഥിതിയടക്കമുള്ള വിശദാംശം ചുവടെ ചേർക്കുന്നു:<br><br>1. **പെരുഞ്ചേരി കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്:**<br><br>പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KIIDC പദ്ധതിയുടെ ഡിസൈൻ പരിശോധിക്കുന്നതിന് എൻഐടി യുടെ സഹായം തേടിയിരിക്കുകയാണ്, ഇപ്രകാരം പുതുക്കിയ ഡിസൈനിനു അനുസൃതമായി KIIDC എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണെന്നും അത് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തിന് ശേഷം കിഫ്ബിക്ക് സമർപ്പിക്കുമെന്നും 25.09.2024 ൽ നടന്ന പദ്ധതിയുടെ അവലോകന യോഗത്തിൽ അറിയിച്ചിട്ടുണ്ട്.<br><br>1. **കൊക്കനട്ട് പാർക്ക്, കുത്താളി:**<br><br>07.08.2023ലെ GO(Ms)No.71/2023/AGRI പ്രകാരം, പ്രവൃത്തി പദ്ധതി നിർവ്വഹണ ഏജൻസിയായ KAICOയിൽ നിന്ന് KABCO ലേക്ക് മാറ്റി. ആയതിനാൽ പ്രസ്തുത പ്രവൃത്തി സംബന്ധിച്ച തുടർ നടപടികൾ KABCO ആണ് സ്വീകരിക്കേണ്ടത്. എന്നാൽ, ടി പ്രവൃത്തിയുടെ പുതിയ പദ്ധതി നിർവ്വഹണ ഏജൻസിയായി KABCO യെ ചുമതലപ്പെടുത്തികൊണ്ടു ഭരണവകുപ്പ് ഉത്തരവ് പുറപ്പെടുവിക്കേടത്തുണ്ട്. കൂടാതെ SPV മാറ്റത്തിനായി ഒരു അഭ്യർത്ഥനയും നാളിതുവരേം ഭരണ വകുപ്പ് വിഭാഗത്തിൽ നിന്നും ലഭ്യമായിട്ടില്ല. ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസി വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കി കിഫ്ബിയിൽ |

സമർപ്പിക്കുന്ന മുറയ്ക്ക് ടി റിപ്പോർട്ട് പരിശോധിച്ച് കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമാണെങ്കിൽ ധനാനുമതി നൽകുന്ന നടപടികൾ കൈക്കൊള്ളുന്നതാണ്.

1. **കൊല്ലം - മേപ്പയൂർ റോഡ്:**

കഴിഞ്ഞ സാമ്പത്തിക വർഷവും ഈ സാമ്പത്തിക വർഷവും അനുവദിക്കപ്പെട്ട ഫണ്ട് വിനിയോഗത്തിന്റെയും കടമെടുക്കലിന്റെയും പരിധിയിൽ നിർത്തിക്കൊണ്ട് പദ്ധതികളെ പുനഃക്രമീകരിച്ചപ്പോൾ കൊല്ലം – മേപ്പയൂർ റോഡിന്റെ പ്രവൃത്തി തത്ക്കാലത്തേയ്ക്ക് മാറ്റി വയ്ക്കുകയാണുണ്ടായത്.

1. **അകലാപ്പുഴ പാലം:**

അകലാപ്പുഴ പാലം നിർമ്മാണത്തിന് കിഫ്ബി 04/02/2018-ലെ നടപടിക്രമ ഉത്തരവ് പ്രകാരം ഭൂമിയേറ്റെടുക്കലിനുള്ള 6 കോടി രൂപ ഉൾപ്പെടെ 30 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. ഭൂമിയേറ്റെടുക്കൽ നടപടിക്രമങ്ങളുടെ ഭാഗമായി 4(1) വിജ്ഞാപനം 19/05/2021നും, സാമൂഹിക ആഘാത പഠന റിപ്പോർട്ട് 2021 ജൂലൈ മാസത്തിലും പ്രസിദ്ധീകരിച്ചു. എന്നാൽ, നിർദ്ദിഷ്ട അലൈൻമെന്റ് മാറ്റാൻ വിദഗ്ധ സമിതി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ അലൈൻമെന്റ് സ്കെച്ച്, റിക്വിസിഷൻ അതോറിറ്റിയായ KRFB സമർപ്പിക്കുകയും, ഇതിന്റെ അടിസ്ഥാനത്തിൽ നടത്തിയ സംയുക്ത സൈറ്റ് പരിശോധനയ്ക്കിടെ ലാന്റ് അക്വിസിഷൻ ഓഫീസർ നിർദ്ദേശിച്ച പ്രകാരമുള്ള തിരുത്തലുകൾ നിർവ്വഹണ ഏജൻസി സ്വീകരിച്ച് വരികയാണ്.

1. **നടേരി കടവ് പാലം:**

നടേരി കടവ് പാലം നിർമ്മാണ പ്രവൃത്തിയ്ക്ക് കിഫ്ബി 28/10/2020ലെ നടപടിക്രമ ഉത്തരവ് പ്രകാരം 23.04 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. എന്നാൽ ഈ പ്രവൃത്തിയ്ക്ക് 30/06/2023-ന് നൽകിയ 27.47 കോടി രൂപയുടെ സാങ്കേതികാനുമതി ധനാനുമതി തുകയേക്കാൾ അധികരിച്ച സാഹചര്യത്തിൽ നിർവ്വഹണ ഏജൻസിയായ KRFB സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ, നിർമ്മാണച്ചെലവ് കുറയ്ക്കുന്നതിനുള്ള സാധ്യത നിർവ്വഹണ ഏജൻസി പരിശോധിക്കേണ്ടതാണെന്ന ഉപാധിയോടുകൂടി, DSR/GST റിവിഷൻ, ഭൂമി ഏറ്റെടുക്കൽ, KSEB യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുമുള്ള

| | | | |
|---|---|---|---|
| | | | അധികതുക അടക്കം 29.93 കോടി രൂപയുടെ പുതുക്കിയ ധനാനുമതി നൽകിയിരുന്നു. പ്രസ്തുത നിർദ്ദേശ പ്രകാരം നിർവ്വഹണ ഏജൻസി സമർപ്പിച്ച പ്രൊപ്പോസൽ നിലവിൽ കിഫ്ബിയുടെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ